**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

19-07-2016 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ :2295

**നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാർഷിക മേഖലയിൽ നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | വായ്പയെടുത്ത് കൃഷി ചെയ്ത് ഉദ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ ഏജൻസികൾ യഥാസമയം ശേഖരിക്കാത്തതിനാലും തുക നൽകാത്തതിനാലും നെൽ കർഷകർക്കുണ്ടാകുന്ന ഗുരുതര സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് നെല്ല് സംഭരണം നടപ്പിലാക്കിവരുന്നത്. നെല്ല് സംഭരണത്തിനായി 385 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. നെല്ല് സംഭരണവില ലഭിക്കാൻ മാസങ്ങൾ കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ നെൽകൃഷിയെ അനാകർഷകമാക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ആയതിനാൽ കാർഷിക സഹകരണ ബാങ്കുമായി ബന്ധപ്പെടുത്തി ഒരാഴ്ച്ചയ്ക്കകം കൃഷിക്കാർക്ക് പണം ലഭ്യമാക്കുന്നത് ഉറപ്പ് വരുത്തുന്നതിനും ഈ തുക പലിശസഹിതം സർക്കാർ ബാങ്കുകൾക്ക് നൽകുന്നതിനും പുതിയ ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നുണ്ട്. |
| (സി) | ഉദ്യോഗസ്ഥ തലത്തിൽ നെൽ കർഷകരോട് കാട്ടുന്ന അവഗണന അവസാനിപ്പിക്കാൻ കർശന നടപടി സ്വീകരിക്കുമോ; | (സി) | ഉദ്യോഗസ്ഥ തലത്തിൽ നെൽകർഷകരോട് അവഗണന കാട്ടുന്നില്ല. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. |
| (ഡി) | കൃഷിനാശം നേരിട്ടവർക്ക് അർഹമായ നഷ്ടപരിഹാരം അടുത്ത കൃഷി ആരംഭിക്കും മുമ്പ് നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കൃഷി നാശം സംഭവിച്ച കർഷകർ അപേക്ഷ സമർപ്പിക്കുന്നതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ